# കറവക്കണ്ട്പദ്ധതി ഡാമിനുള്ളിൽ ഡാം

**ലോ**കത്തിൽ എവിടേയും ഡാമിനുള്ളിൽ ഡാം പണിയുന്നതായി കേട്ടുകേൾവി പോലുമില്ല. എന്നാൽ, മലമ്പുഴയിലെ കറവക്കണ്ടുപദ്ധതി അങ്ങനെയും പുതുമ സൃഷ്ടിക്കുന്നു. മലമ്പുഴ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് ജലാശയത്തിലേക്ക് ഒഴുകിവരുന്ന കല്ലൻപുഴയിൽ മിനിഡാം കെട്ടി ജലം തിരിച്ചുവിട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും കുടിനീർ വിതരണം ചെയ്യാനുമുള്ള ഐ. ആർ. ടി. സി യുടെ പ്രൊജക്ടാണിത്. വെറും 70 വീടുകൾക്ക് വൈദ്യുതിയും കുടിവെള്ളവും നൽകാനുള്ള പദ്ധതി. എന്നാൽ, 25,000 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്കും പാലക്കാട് മുൻസിപ്പാലിറ്റിയിലും സമീപത്തുള്ള പഞ്ചായത്തുകളിലുമുള്ള 15 ലക്ഷം ജനങ്ങൾക്ക് കുടിനീരിനുതകുന്ന മലമ്പുഴ ജലസേചന പ്രൊജക്ടിനെ ഇത് കാര്യമായി ബാധിക്കുമെന്ന കാര്യം അവഗണിച്ചുകൂടാ. ഇപ്പോൾത്തന്നെ ജലാശയത്തിൽ വേണ്ടത്ര വെള്ളമില്ലാത്തതുകൊണ്ട് കനാലുകളുടെ വാലറ്റത്ത് പറളി, മങ്കര പ്രദേശത്ത് ആയിരക്കണക്കിന് ഏക്കർ നെൽകൃഷി ജലം ലഭിക്കാതെ ഉണങ്ങിപ്പോവുകയാണ്.

7 കിലോവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന മൈക്രോഹൈഡൽ പദ്ധതിയായിട്ടാണ് ഇതിനെ അധികാരികൾ ഉയർത്തിക്കാട്ടുന്നത്. എന്നാൽ, ജൂൺ നാലിന് സ്ഥലം സന്ദർശിച്ച വനംകൺസർവേറ്റർ സി സുധാകരൻ, പ്രൊജക്ടിന്റെ നോഡൽ ഓഫീസറും സംസ്ഥാന ഫോറസ്റ്റ് കൺസർവേറ്ററുമായ കെ. ജെ. വർഗ്ഗീസ് എന്നിവർ അറിയിച്ചത് കുടിവെള്ളപദ്ധതിക്കുള്ള അനുവാദം മാത്രമേ കേന്ദ്രഗവൺമെന്റ് നൽകിയിട്ടുള്ളൂ എന്നാണ്. ഹൈഡൽ പ്രൊജക്ടിന് കേന്ദ്രഗവൺമെന്റിന്റെ പ്രത്യേകാനുവാദം ആവശ്യമാണ്. അത് ലഭിച്ചിട്ടില്ലായെന്നുള്ളതാണ് വസ്തുത. ഐ. ആർ. ടി. സി യെ പോലുള്ള സ്ഥാപനം ജനങ്ങളെ ഇങ്ങനെ തെറ്റിദ്ധരിപ്പിക്കാമോ? മാത്രമല്ല, പ്രൊജക്ടിനപേക്ഷിക്കുമ്പോൾ ഇതിന് ബദലായ മറ്റെന്തെങ്കിലും ഉണ്ടെങ്കിൽ അത് പറയേണ്ടതുണ്ട്. പ്രകൃതിരമണീയമായതും രണ്ട് വെള്ളച്ചാട്ടങ്ങളുള്ളതുമായ കല്ലൻപുഴയെ കൊല്ലാതെ തന്നെ ഇവിടെ വെള്ളം കൊടുക്കുവാൻ കഴിയും. രണ്ടോ മൂന്നോ കിണറുകൾ കുഴിച്ചാൽ ഇവിടെ ഇഷ്ടം പോലെ വെള്ളം കിട്ടും. ജില്ലാ കളക്ടറുടെ നിർദ്ദേശം അനുസരിച്ച് മുതിരാംകുന്ന് ജങ്ങ്ഷനടുത്ത് കുഴൽക്കിണർ കുഴിച്ചപ്പോൾ അത് ജലസമൃദ്ധമെന്ന് കണ്ടു. ഒരു കിലോമീറ്റർ അകലെ കരടിച്ചോല വരെ വൈദ്യുതലൈൻ വരുന്നുണ്ട്. പത്തോളം പോസ്റ്റുകളിട്ടാൽ ഇങ്ങോട്ട് വൈദ്യുതിയും എത്തിക്കാൻ കഴിയും. കറവക്കണ്ട് വനപ്രദേശം നീലഗിരി കരുതൽ ജൈവമേഖലയിൽ പെടുന്നു. നല്ല നദീതീരകാട് ആണിത്. ഈ വസ്തുതകളെല്ലാം മറച്ചുവച്ചുകൊണ്ടാണ് ഈ പ്രൊജക്ടിന് അനുവാദം തേടിയത്. കാടിന്റെ പദവിക്ക് യാതൊരു പരുക്കും തട്ടാത്ത വിധം ഉപയോഗിക്കുന്നതിനാണ് ഇരുപത്തിമൂന്ന് സെന്റ് കാട് കുടിവെള്ളപ്രൊജക്ടിനുവേണ്ടി അനുവദിച്ചിട്ടുള്ളത്. എന്നാൽ രണ്ടര ഏക്കറോളം കാട് കൈയേറി അടിക്കാടുകൾ വെട്ടിനശിപ്പിച്ചിട്ടുണ്ട്. ഭിത്തികൾ കണക്കെ മലകളെ താങ്ങിനിർത്തിയിരുന്ന കൂറ്റൻ പാറകൾ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച് പൊട്ടിച്ചിട്ടുണ്ട്. കാട്ടിൽക്കൂടി രണ്ടര കിലോമീറ്റർ റോഡ് വെട്ടിയിട്ടുണ്ട്. ട്രഞ്ചുകൾ കുഴിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുള്ള കാട്ടിലാണിതെല്ലാം ചെയ്തിട്ടുള്ളത്. വനംവകുപ്പ് ഐ. ആർ. ടി. സി അധികൃതർക്കെതിരെ പാലക്കാട് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ചാർജ് ചെയ്തിട്ടുണ്ട്.

*ഡോ. പി. എസ്. പണിക്കർ (സെക്രട്ടറി, മലമ്പുഴ ഡാം സംരക്ഷണസമിതി)*

**കത്തുകൾ – അറിയിപ്പുകൾ**
കേരളീയം, തൃശ്ശൂർ-21
keraleeyamtcr@rediffmail.com

## അദ്ധ്യാപകർ പ്രതിക്കൂട്ടിൽ

സ്വന്തം മക്കളെ ഇംഗ്ലീഷ് മീഡിയമുള്ള സ്വകാര്യ സ്കൂളിൽ ചേർത്ത് പഠിപ്പിക്കുകയും മറ്റുള്ളവരുടെ മക്കളെ സർക്കാർ സ്കൂളിൽ ചേർക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ആണും പെണ്ണും കെട്ട അദ്ധ്യാപകശ്രേഷ്ഠന്മാരാണ് കേരളത്തിൽ വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിന് പ്രധാന കാരണക്കാർ. ഇരിക്കുന്ന കൊമ്പു മുറിച്ച ഈ നെറികെട്ടവന്മാരെ സമൂഹമധ്യത്തിൽ വിളിയാട്ടി ഓടിക്കയല്ലാതെ നമുക്കെന്തു ചെയ്യാൻ കഴിയും ഇവറ്റകൾക്ക് ശമ്പളം കൊടുക്കാൻ മാത്രമായി എന്തിനാണീ വിദ്യാലയങ്ങൾ?

*കരിം. കെ. പുരം, തൃശ്ശൂർ*

## മുളത്തൈകൾ

ഈറ്റ, കരത്തി, ഇല്ലി, ആനമുള എന്നിവയുടെ തൈകൾ ഉറവ് നേഴ്സറിയിൽ തയ്യാറായിട്ടുണ്ട്. പഞ്ചായത്തുകളുടെ സ്കീമുകളുമായി ബന്ധപ്പെടുത്തി മുളത്തൈ നടൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ സ്റ്റോക്ക് പരിമിതമാണ്. ആവശ്യക്കാർക്ക് മുൻഗണനാക്രമത്തിൽ തൈകൾ വിതരണം ചെയ്യുന്നതാണ്. ബന്ധപ്പെടേണ്ട വിലാസം. എം. ബാബുരാജ്, കോ- ഓർഡിനേറ്റർ, ഉറവ് നേഴ്സറി, തൃക്കൈപ്പറ്റ പി.ഒ., വയനാട്. ഫോൺ: 0493 - 683244.